**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 285** **22-07-2021 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളി ൽ ഏകീകൃത സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലെ അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള RFP (Request For Proposal) ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന ഏതൊക്കെ സേവനങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് RFP (Request For Proposal) തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. അതോടൊപ്പം സംഘ ങ്ങളുടെ ഭരണ നിർവ്വഹണം, സംഘം ജീവനക്കാരുടെ ശമ്പളം, വിദ്യാഭ്യാസ യോഗ്യത, ഉദ്യോഗക്കയറ്റം എന്നിവ സംബന്ധിച്ചുള്ള വിവരവും, ആഡിറ്റിന് ആവശ്യമായ റിപ്പോർട്ടുകൾ, ഭരണപരമായ റിപ്പോർട്ടുകൾ, സംഘങ്ങളുടെ ഹെഡ് ആഫീസ്/ ശാഖകളിലെ ദൈനംദിന കണക്കുകളെ സംബന്ധിച്ചുള്ള റിപ്പോർട്ട് തുടങ്ങി സഹകരണ സംഘം രജിസ്ട്രാർ/ സർക്കാർ നിർദേശിക്കുന്ന രീതിയിലുള്ള എല്ലാ റിപ്പോർട്ടുകളും ഈ സോഫ്റ്റ് വെയറിലൂടെ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ